കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# മുസ്ലീംവ്യക്തി നിയമം (ശരിഅത്ത്) ബാധകമാക്കൽ ആക്റ്റ്, 1937

(1937-ലെ 26-ാം ആക്റ്റ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

കേന്ദ്രഗവൺമെൻറ്

നിയമ മന്ത്രാലയം

# മുസ്ലീംവ്യക്തി നിയമം (ശരിആത്) ബാധകമാക്കൽ ആക്റ്റ്, 1937

(1937-ലെ 26-ാം ആക്റ്റ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

# മുസ്ലീം വ്യക്തി നിയമം (ശരി അത്ത്) ബാധകമാക്കൽ ആക്റ്റ്, 1937

(1937–ലെ 26–ാം ആക്റ്റ്)

മുസ്ലീം വ്യക്തിനിയമം (ശരി അത്ത്) മുസ്ലീങ്ങൾക്ക് ബാധകമാക്കുന്നതിന് വ്യവസ്ഥ ഉണ്ടാക്കുന്നതിനുള്ള ആക്റ്റ്.

[1937 അക്ടോബർ, 7]

മുസ്ലീം വ്യക്തിനിയമം (ശരി അത്ത്) മുസ്ലീങ്ങൾക്ക് ബാധകമാക്കുന്നതിന് വ്യവസ്ഥ ഉണ്ടാക്കുന്നത് സമീചീനമായിരിക്കയാൽ, ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.— (1) ഈ ആക്റ്റിന് മുസ്ലീം വ്യക്തി നിയമം (ശരി അത്ത്) ബാധകമാക്കൽ ആക്റ്റ്, 1937 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു–കാശ്മീർ ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. മുസ്ലീങ്ങൾക്ക് വ്യക്തിനിയമം ബാധകമാക്കൽ.—വിപരീതമായ ഏതെങ്കിലും ആചാരമോ വഴക്കമോ ഉണ്ടെന്നിരുന്നാലും, മരണശാസനം കൂടാതെയുള്ള പിൻതുടർച്ച, അനന്തരാവകാശമായി ലഭിച്ചതോ, കാൺട്രാക്റ്റിനോ ദാനത്തിനോ അല്ലെങ്കിൽ വ്യക്തിനിയമത്തിലെ മറ്റേതെങ്കിലും വ്യവസ്ഥയ്ക്കോ കീഴിൽ ലഭിച്ചതോ ആയ സ്വന്തം വസ്തു ഉൾപ്പെടെയുള്ള സ്ത്രീകളുടെ പ്രത്യേക വസ്തു, വിവാഹം, തലാക്ക്, ഈലാ, സിഹാർ, ലെയാൻ, ഖുലാ, മുബാറാത്ത് എന്നിവ ഉൾപ്പെടെയുള്ള വിവാഹവിഘടനം, സംരക്ഷണം, ഡവ്വർ, രക്ഷാകർത്തൃത്വം, ദാനങ്ങൾ, ട്രസ്റ്റുകളും, ട്രസ്റ്റുവസ്തുക്കളും, വക്കഫ്, (ധർമ്മങ്ങളും ധർമ്മസ്ഥാപനങ്ങളും, ധർമ്മപരവും മതപരവുമായ എൻഡോവ്മെൻറുകളും, അല്ലാത്ത) എന്നിവ സംബന്ധിച്ച എല്ലാ പ്രശ്നങ്ങളിലും (കൃഷിഭൂമി സംബന്ധിച്ച പ്രശ്നങ്ങൾ ഒഴികെ) മുസ്ലീങ്ങൾ കക്ഷികളായുള്ള എല്ലാ വ്യവഹാരങ്ങളിലും തീരുമാനത്തിനുള്ള തത്വം മുസ്ലീം വ്യക്തി നിയമം (ശരിഅത്ത്) ആയിരിക്കുന്നതാണ്.

3. പ്രഖ്യാപനം ചെയ്യാനുള്ള അധികാരം.—(1) നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തെ —

(ക) താൻ മുസ്ലീം ആണെന്നും,

(ഖ) ഇൻഡ്യൻ കാൺട്രാക്റ്റ്, ആക്റ്റ് 1872-(1872-ലെ 9) 11-ാം വകുപ്പിൻെറ അർത്ഥത്തിൽ തനിക്ക് കാൺട്രാക്റ്റ് ചെയ്യുവാൻ ക്ഷമതയുണ്ടെന്നും,

(ഗ) താൻ ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിലെ താമസക്കാരനാണെന്നും,

ബോദ്ധ്യപ്പെടുത്തുന്ന ഏതൊരാൾക്കും നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിൻെറ മുമ്പാകെ ബോധിപ്പിക്കപ്പെടുന്ന ഒരു പ്രഖ്യാപനം വഴി ഈ വകുപ്പിലെ വ്യവസ്ഥകളുടെ ഗുണം ലഭിക്കുവാൻ താൻ ആഗ്രഹിക്കുന്നുവെന്ന് പ്രഖ്യാപിക്കാവുന്നതും,

അതിനുശേഷം 2-ാംവകുപ്പിലെ വ്യവസ്ഥകൾ അതിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങൾക്കുപുറമെ ദത്തും മരണശാസനങ്ങളും ഒസ്യത്തവകാശങ്ങളുംകൂടി വിനിർദിഷ്ടമാക്കിയിട്ടുണ്ടായിരുന്നാലെന്നപോലെ പ്രഖ്യാപകനും അയാളുടെ എല്ലാ മൈനർ കുട്ടികൾക്കും അവരുടെ സന്തതികൾക്കും, ബാധകമാകുന്നതുമാണ്.

(2) നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനം (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു പ്രഖ്യാപനം സ്വീകരിക്കാൻ വിസമ്മതിക്കുന്നിടത്ത്, അതു ചെയ്യാൻ ആഗ്രഹിക്കുന്ന ആരാക്ക്, ഇതിലേക്ക് സ്റേററ് ഗവൺമെൻറ്, പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ നിയമിക്കുന്ന ഉദ്യോഗസ്ഥൻെറ മുമ്പാകെ അപ്പീൽ കൊടുക്കാവുന്നതും, അങ്ങനെയുള്ള ഉദ്യോഗസ്ഥന് അപ്പീൽവാദിക്ക് ആ പ്രഖ്യാപനം ചെയ്യുവാൻ അവകാശമുണ്ടെന്ന് ബോദ്ധ്യമാകുന്നുവെങ്കിൽ, നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തോട് അത് സ്വീകരിക്കുവാൻ ഉത്തരവ് നല്കാവുന്നതുമാണ്.

4. ചട്ടമുണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്ററിലെ ആവശ്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് സ്റേററ്ഗവൺമെൻറിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ച്, മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതേയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെപ്പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതെങ്കിലും വിഷയത്തിനോ, അതായത് —

(ക) ഈ ആക്ററിൻകീഴിൽ പ്രഖ്യാപനങ്ങൾ ചെയ്യേണ്ടത് ഏതു അധികാരസ്ഥാനത്തിൻെറ മുമ്പാകെയാണെന്നും ഏതു ഫാറത്തിലാണെന്നും നിർണ്ണയിക്കുന്നതിനും ;

(ഖ) പ്രഖ്യാപനങ്ങൾ ബോധിപ്പിക്കുന്നതിന് ഏതെങ്കിലും ആൾ ഈ ആക്ററിൻകീഴിലുള്ള തൻെറ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് സ്വകാര്യവാസസ്ഥലങ്ങളിൽ ഹാജരാകുന്നതിനും നല്കപ്പെടേണ്ട ഫീസ് നിർണ്ണയിക്കുന്നതിനും, അങ്ങനെയുള്ള ഫീസ് നല്കേണ്ട സമയങ്ങളും അവ ചുമത്തപ്പെടുന്ന രീതിയും നിർണ്ണയിക്കുന്നതിനും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിലെ വ്യവസ്ഥകൾക്കു കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അപ്പോൾ അവയ്ക്ക് ഈ ആക്ററിൽ അധിനിയമം ചെയ്യപ്പെട്ടിരുന്നാലെന്നപോലെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

5. [ചില പരിത:സ്ഥിതകളിൽ വിവാഹങ്ങൾ കോടതി വിഘടനം ചെയ്യുന്നത്]—മുസ്ലീം വിവാഹങ്ങൾ വിഘടന ആക്ററ്, 1939 [1939-ലെ 8] 6-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

6. റദ്ദാക്കൽ.—താഴെപ്പറയുന്ന ആക്ററുകളിലേയും റഗുലേഷനുകളിലേയും താഴെപ്പറയുന്ന വ്യവസ്ഥകൾ, അവ ഈ ആക്ററിലെ വ്യവസ്ഥകൾക്ക് അസംഗതമായിരിക്കുന്നിടത്തോളം റദ്ദാക്കപ്പെട്ടിരിക്കുന്നു ; അതായത്:—

(1) 1827-ലെ ബോംബെ റഗുലേഷൻ 4-ലെ 26-ാം വകുപ്പ്,

(2) മദ്രാസ് സിവിൽകോടതി ആക്ററ്, 1873-ലെ (1873-ലെ 3) 16-ാം വകുപ്പ്,

* * * * * * * *

(4) ഔഡ് നിയമങ്ങൾ ആക്ററ്, 1876-ലെ(1876-ലെ 18) 3-ാം വകുപ്പ്,

(5) പഞ്ചാബ് നിയമങ്ങൾ ആക്ററ്, 1872-ലെ (1872-ലെ 4) 5-ാം വകുപ്പ്,

(6) സെൻട്രൽ പ്രാവിൻസസ് നിയമങ്ങൾ ആക്ററ്, 1875-ലെ (1875 20) 5-ാം വകുപ്പ്,

(7) അജ്മീർ നിയമങ്ങൾ റഗുലേഷൻ, 1877-ലെ (1877-ലെ 3-ാം റഗുലേഷൻ) 4-ാം വകുപ്പ്.